**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **28-02-2023 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ 2021-ൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി 05.01.2023 ലെ സ.ഉ(പി) 1/2023/SCSTDD, സ.ഉ(പി) 2/2023/SCSTDD, ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/ സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11,12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/ അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVTയുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| | | | അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലോ/റിസർവേഷനിലോ പ്രവേശനം നേടുന്ന രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സ്കോളർഷിപ്പ് പദ്ധതിയിലും ആനുകൂല്യ വിതരണത്തിലും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; ഏതെങ്കിലും വിഭാഗത്തിലുള്ള കുട്ടികൾക്ക് നിലവിലുള്ള ആനുകൂല്യം നഷ്ടമാകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി 05.01.2023 ലെ സ.ഉ(പി) 1/2023/SCSTDD, സ.ഉ(പി) 2/2023/SCSTDD, ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/ സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11,12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/ അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVTയുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും, സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്.<br><br>അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലോ/റിസർവേഷനിലോ പ്രവേശനം നേടുന്ന രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ